# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1386 — 11.06.2019-ൽ മറുപടിയ്ക്ക്

## പട്ടയഭൂമിയിൽ നിന്നും മരം മുറിയ്ക്കാനുള്ള അവകാശം

ചോദ്യം : ശ്രീമതി.ഇ.എസ്.ബിജിമോൾ

മറുപടി :

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | റവന്യൂ ഭൂമിയിൽ പട്ടയങ്ങൾ നൽകുമ്പോൾ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള മരങ്ങൾ ഒഴികെ പ്രസ്തുത പട്ടയ ഭൂമിയിൽ പിന്നീട് വളരുന്നതോ അല്ലെങ്കിൽ നട്ടുപിടിപ്പിച്ചതോ ആയ മരങ്ങൾ പട്ടയ ഉടമയ്ക്ക് മുറിക്കുന്നതിന് റവന്യൂ വകുപ്പിന്റെ കൂടാതെ വനംവകുപ്പിന്റെയും അനുമതി ആവശ്യമാണോ;ആണെങ്കിൽ ഇത്തരം മരങ്ങൾ മുറിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി ആവശ്യമാണെന്ന് ഏതു നിയമത്തിലാണ്/ചട്ടത്തിലാണ് പരാമർശിച്ചിരിക്കുന്നത്? | (എ) | 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിൽ 17/8/2017 ലെ ജി.ഒ(പി) നം.60/2017/ആർ.ഡി പ്രകാരമുള്ള ഭേദഗതി പ്രാബല്യത്തിൽ വരുന്നതിനു മുൻപ് നൽകിയിരുന്ന പട്ടയത്തിൽ "അനുവദിച്ചു കിട്ടിയ സ്ഥലത്തിനകത്തുള്ളതും പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതുമായ എല്ലാ വൃക്ഷങ്ങളുടെയും പൂർണ്ണ അവകാശം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നതും, പതിച്ചു കിട്ടുന്ന സമയത്തുള്ളതോ അതിനുശേഷം നിലവിലുണ്ടാകുന്നതോ ആയ ഭൂമിയിലുള്ള, അങ്ങനെയുള്ള എല്ലാ വൃക്ഷങ്ങളും പതിച്ചു കിട്ടിയ ആൾ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ആണ്" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. 17/8/2017 ലെ ജി.ഒ(പി) നം.60/2017/ആർ.ഡി ഭേദഗതി പ്രകാരം പട്ടയം നൽകുന്ന ഭൂമിയിലെ മരങ്ങളുടെ അവകാശം 1964 ലെ കേരള ഭൂമി പതിവ് ചട്ടം 10(3) പ്രകാരവും 1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിലെ സെക്ഷനുകൾ 4,22 എന്നിവ പ്രകാരവുമാണെന്ന് ഭേദഗതി വരുത്തിയിട്ടുള്ളതാണ്. അത് പ്രകാരം 1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിൽ വൃക്ഷം എന്ന് നിർവ്വചിച്ചിട്ടുള്ള 10 മരങ്ങൾ ഒഴികെയുള്ളവ വനം വകുപ്പിന്റെ അനുവാദം കൂടാതെയും, ആക്ടിൽ ഉൾപ്പെട്ട 10 മരങ്ങൾ വനം വകുപ്പിന്റെ അനുവാദത്തോടെയും മുറിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള മരങ്ങൾ ഒഴികെ റവന്യൂ പട്ടയ ഭൂമിയിൽ വളരുന്ന മരങ്ങൾ സ്വയം വളർന്നതോ അല്ലെങ്കിൽ നട്ടുവളർത്തിയതോ ആയ മരങ്ങളാണെന്ന സ്ഥിരീകരണം നൽകാൻ ചുമതലപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ? | (ബി) | പട്ടയം നൽകുന്ന സമയത്ത് പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള മരങ്ങൾ ഏതെല്ലാമെന്ന് സാക്ഷ്യപ്പെടുത്തേണ്ട റവന്യൂ ഉദ്യോഗസ്ഥൻ വില്ലേജാഫീസർ ആണ്. അല്ലാതെയുള്ള മരങ്ങൾ സ്വയം വളർന്നതോ അല്ലെങ്കിൽ നട്ടുവളർത്തിയതോ ആയ മരങ്ങളാണെന്ന സ്ഥിരീകരണം നൽകുന്നതിന് റവന്യൂ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടില്ലാത്ത താണ്. എന്നാൽ 1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിൽ വൃക്ഷം എന്ന് നിർവ്വചിച്ചിട്ടുള്ള 10 മരങ്ങളിൽ തീരുമാനം എടുക്കുന്നതിന് റെയ്ഞ്ചർ തസ്തികയിൽ കുറയാതെയുള്ള ഉദ്യോഗസ്ഥനെ വനം വകുപ്പ് ചുമതലപ്പെടുത്താൻ വ്യവസ്ഥയുണ്ട്. |
| (സി) | റവന്യൂ പട്ടയ ഭൂമിയിൽ നിന്നും ഉടമസ്ഥന് ഇത്തരം മരങ്ങൾ മുറിക്കാൻ അനുമതി നൽകാനുള്ള പൂർണ്ണ അധികാരം റവന്യൂ വകുപ്പിന് ഉണ്ടോ;ഇല്ലെങ്കിൽ പ്രസ്തുത അനുമതി ലഭിക്കാൻ ഏത് വകുപ്പിനെയാണ് സമീപിക്കേണ്ടത് ? | (സി) | റവന്യൂ പട്ടയ ഭൂമിയിൽ നിന്നും ഉടമസ്ഥന് ഇത്തരം 10 ഇനം മരങ്ങൾ മുറിക്കാൻ അനുമതി നൽകാനുള്ള അധികാരം റവന്യൂ വകുപ്പിന് ഇല്ല.<br>പ്രസ്തുത അനുമതി ലഭിക്കാൻ വനം വകുപ്പിനെ സമീപിക്കേണ്ടതാണ്. |

PR

**സെക്ഷൻ ഓഫീസർ**